ജി(2) 2624/2022

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 01.08.2022.

**സർക്കുലർ നമ്പർ – 36/2022**

വിഷയം – സഹകരണ വകുപ്പ് – സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2006–08) യുടെ 9 –ാമത് റിപ്പോർട്ടിലെ 10, 20, 23 ഖണ്ഡികകളിലെ ശുപാർശകളിന്മേലുളള നടപടികൾ സ്വീകരിക്കുന്നത് – സംബന്ധിച്ച് .

സൂചന :–1. കൃഷി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 26.05.2022 തീയതിയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ.

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2006–08) യുടെ 9 –ാമത് റിപ്പോർട്ടിലെ 10, 20, 23 ഖണ്ഡികകളിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കൃഷിനാശം മൂലം വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത കർഷകരുടെ അപേക്ഷകളിൽ കമ്മീഷൻ തീർപ്പ് കൽപ്പിച്ച കേസുകളിൽ ഉത്തമർണ്ണ സ്ഥാപനങ്ങൾക്ക് തുക ലഭിയ്ക്കുവാൻ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനും ഇതുമൂലം ഉത്തമർണ്ണ സ്ഥാപനങ്ങൾ കർഷകരിൽ നിന്നും അധിക ബാധ്യത ഈടാക്കുന്നത് ഒഴിവാക്കുന്നതിനുമായി കടാശ്വാസം അനുവദിയ്ക്കുന്ന നടപടിക്രമങ്ങളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് സൂചന പ്രകാരം ചേർന്ന യോഗ തീരുമാനത്തിനനുസൃതമായി ചുവടെ പരാമർശിയ്ക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

1. കടാശ്വാസത്തിന് പ്രൊപ്പോസൽ കടാശ്വാസ കമ്മീഷന് ലഭ്യമാക്കുന്നതിന് മുൻപായി അപേക്ഷകൻ എടുത്ത ലോൺ തുക സംബന്ധിച്ചും കടാശ്വാസത്തിനുളള അർഹത സംബന്ധിച്ചും കൃത്യത ഉറപ്പാക്കുന്നതിന് ആവശ്യമായ പരിശോധനാ നടപടികൾ എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും നടത്തേണ്ടതാണ്.
2. വിവിധ ജില്ലകളിൽ സിറ്റിംഗ് നടത്തി കമ്മീഷൻ പുറപ്പെടുവിയ്ക്കുന്ന അവാർഡുകൾ കടാശ്വാസ തുക അനുവദിയ്ക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിയ്ക്കുകയും സർക്കാർ ഈ തുക കൃഷി ഡയറക്ടർ മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിയ്ക്കുകയും ചെയ്യുന്നതാണ്. ഇങ്ങനെ അനുവദിയ്ക്കുന്ന തുക ആവശ്യമായ വെരിഫിയ്ക്കേഷന് ശേഷം സഹകരണ സംഘം രജിസ്ട്രാർ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിയ്ക്കാവുന്നതാണ്. വെരിഫിയ്ക്കേഷനിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി അപേക്ഷകനിൽ നിന്നും മറ്റ് സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും ലോൺ എടുത്തിട്ടില്ലെന്നും കടാശ്വാസത്തിനായി മറ്റ് അപേക്ഷകൾ നൽകിയിട്ടില്ലെന്നും മുൻപ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നും

പ്രസ്താവിച്ചുകൊണ്ടുള്ള Indemnity Bond 200/- രൂപ മുദ്രപത്രത്തിൽ വാങ്ങി സൂക്ഷിയ്ക്കാവുന്നതും ഇത്തരത്തിൽ Indemnity Bond വാങ്ങുന്ന അപേക്ഷകരുടെ കടാശ്വാസ തുക സ്ഥാപനങ്ങൾക്ക് വെരിഫിയ്ക്കേഷനു മുൻപ് അനുവദിച്ച് നൽകാവുന്നതാണ്.

3. നിലവിലെ നടപടി ക്രമത്തിൽ ബന്ധപ്പെട്ട സഹകരണ ബാങ്കുകൾ നൽകുന്ന വിവരങ്ങൾ അടങ്ങിയ രേഖകൾ പരിശോധിച്ചാണ് ഓരോ അപേക്ഷയിലും അവാർഡ് പാസാക്കുന്നത്. ആയതിനാൽ എല്ലാ സഹകരണ ബാങ്കുകളും കമ്മീഷനിൽ നൽകുന്ന വിവരങ്ങളും രേഖകളും കൃത്യവും സത്യസന്ധവും ആണെന്ന് ഉറപ്പാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും, വകുപ്പ്തല പരിശോധനാ ഉദ്യോഗസ്ഥരും കർശനമായി പാലിയ്ക്കേണ്ടതും പാലിയ്ക്കുന്നുണ്ടെന്ന് ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർ ഉറപ്പ് വരുത്തേണ്ടതുമാണ്.

ഒപ്പ്
അലക്സ് വർഗ്ഗീസ്.ഐ.എ.എസ്സ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1) സഹകരണ ആഡിറ്റ് ഡയറക്ടർ
2) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)
3) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)
4) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
5) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
6) എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
7) സ്റ്റോക്ക് ഫയൽ, വെബ് സൈറ്റ്, സഹകരണവീഥി
8) സ്പെയർ

//അംഗീകാരത്തോടെ//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)